## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3031** 07/02/2018-ൽ മറുപടിക്ക്

## അധ്യാപകരുടെ പ്രമോഷൻ

ചോദ്യം ഉത്തരം

| ശ്രീ.കെ.മുരളീധരൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ 50 വയസ്സ് കഴിഞ്ഞ എല്ലാ അദ്ധ്യാപകർക്കും വകുപ്പ് തല പരീക്ഷ പാസ്സായില്ലെങ്കിലും ഹെഡ്മാസ്റ്റർ പദവിയിലേക്ക് പ്രമോഷൻ നൽകിയിരുന്നോ; | എ) & ബി) | 50 വയസ്സ് കഴിഞ്ഞ ഗവ.ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രമോഷന് ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ 3 വർഷത്തേക്ക് ഇളവ് അനുവദിച്ചുകൊണ്ട് 29.04.2003 ലെ സ.ഉ(സാധാ) 1627/2003/പൊ.വി.വ. പ്രകാരം ഉത്തരവിറക്കുകയും പിന്നീട് കാലാകാലങ്ങളിൽ ഈ ഇളവ് ദീർഘിപ്പിച്ച നൽകുകയും ഏറ്റവും ഒടുവിൽ 16.05.2015 ലെ സ.ഉ(കൈ) നം.117/2015/പൊ.വി.വ ഉത്തരവ് പ്രകാരം ടെസ്റ്റ് പാസ്സായ അദ്ധ്യാപകർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണെന്ന നിബന്ധനയോടെ 01-03-2015 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച നൽകിയിരുന്നു. എന്നാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.05.2015 ലെ OA NO.419/2014 ലെ ഉത്തരവിൽ സർക്കാർ ഇത്തരത്തിൽ ഇളവ് അനുവദിച്ച് നൽകിയ ഉത്തരവ് റദ്ദ് ചെയ്തിരുന്നു. |
| ബി) | പ്രമോഷൻ നൽകികൊണ്ടുള്ള പ്രസ്തുത ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; | | |
| സി) | സർക്കാർ സർവ്വീസിലെ 50 വയസ്സ് കഴിഞ്ഞവർക്ക് നൽകിയിട്ടുള്ള ഇളവ് അദ്ധ്യാപകർക്ക് മാത്രം നൽകാത്തത് | സി) | പൊതുവിദ്യാഭ്യാസ വകുപ്പിലെ നിലവിലെ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ |

| | | | |
|---|---|---|---|
| | എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | | തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിന് യോഗ്യതയായി ഡിപ്പാർട്ട്മെന്റൽ ടെസ്റ്റും, കെ.ഇ.ആറും പാസ്സാകണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ആ നിലയ്ക്ക് Obligatory Test എന്ന നിലയിലുള്ള ഇളവ് അനുവദിക്കുവാൻ കഴിയില്ല. |
| ഡി) | 2015 മുതൽ ഇപ്രകാരം ഹെഡ്മാസ്റ്ററായി പ്രമോഷൻ ലഭിച്ചവരെ ഈ ഉത്തരവ് ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇത് പുനപരിശോധിക്കുമോ? | ഡി) | 50 വയസ്സ് തികഞ്ഞ ഗവ. ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായി പ്രൊമോഷൻ ലഭിക്കുന്നതിന് കെ.ഇ.ആർ-ഉം ഡിപ്പാർട്ട്മെന്റൽ ടെസ്റ്റും പാസ്സാകണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്കായുള്ള കരട് ചട്ടം 09/08/2017-ൽ കൂടിയ ബഹു. നിയമസഭയുടെ വിഷയ നിർണ്ണയ സമിതി VI (വിദ്യാഭ്യാസം )പരിഗണിക്കുകയും ഹൈസ് കൂൾ ഹെഡ്മാസ്റ്റർമാർ എഇഒ / ഡിഇഒ തസ്തികകളിലേക്ക് നിയമിതരാകുമ്പോൾ കെ.ഇ.ആർ മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമായതുകൊണ്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ പ്രസ്തുത പരീക്ഷയിൽ നിന്നും ഒഴിവാക്കേണ്ടതില്ലെന്നും സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**